## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2841.** **06.02.2018 ൽ മറുപടിയ്ക്ക്**

## ലഹരി വിമുക്ത കേരളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വിമുക്ത കേരളം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 06/10/2016-ലെ ജി.ഒ(എം.എസ്) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി ചെയർമാനും, എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഗവേണിംഗ് ബോഡിയും, എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും, എക്സൈസ് കമ്മീഷണർ കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാൻമാരായും, ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബ്ലോക്ക്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത്, വാർഡ് തല കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>'വിമുക്തി' മിഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള ലഹരി വിരുദ്ധ ബോധവത്കരണ പദ്ധതികളാണ് ജില്ലാ, താലൂക്ക് തലത്തിൽ നടപ്പിലാക്കി വരുന്നത്. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | ചെയർപേഴ്സൺമാർ വൈസ് ചെയർമാൻമാരായും, ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും വിവിധ പ്രതിനിധികൾ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്, വാർഡ് തല കമ്മിറ്റികളും 'വിമുക്തി' മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് "വിമുക്തി മിഷൻ" ലക്ഷ്യമിടുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരി മാഫിയകളുമായി ബന്ധപ്പെട്ട് നാളിതുവരെ എടുത്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | ജില്ല | അബ്കാരി | എൻ.ഡി.പി.എസ് | കോട്പ ആക്റ്റ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3385 | 465 | 10834 |
| 2 | കൊല്ലം | 3599 | 914 | 10082 |
| 3 | പത്തനംതിട്ട | 2622 | 321 | 14768 |
| 4 | ആലപ്പുഴ | 4578 | 651 | 6969 |
| 5 | കോട്ടയം | 2697 | 632 | 11797 |
| 6 | ഇടുക്കി | 1453 | 713 | 5183 |
| 7 | എറണാകുളം | 2662 | 941 | 6473 |
| 8 | തൃശ്ശൂർ | 3084 | 859 | 8045 |
| 9 | പാലക്കാട് | 2936 | 465 | 8199 |
| 10 | മലപ്പുറം | 2438 | 645 | 8389 |
| 11 | കോഴിക്കോട് | 2243 | 337 | 4317 |
| 12 | വയനാട് | 1525 | 451 | 5424 |
| 13 | കണ്ണൂർ | 2581 | 436 | 6936 |
| 14 | കാസർഗോഡ് | 1802 | 149 | 5021 |
| | ആകെ | 37605 | 7979 | 112437 |

**സെക്ഷൻ ഓഫീസർ**